# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 969

20/03/2012 ൽ മറുപടിക്ക്

## അദ്ധ്യാപക ബാങ്ക് രൂപീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.ടി.എം.തോമസ് ഐസക്<br>ശ്രീ. കെ.കെ.ജയചന്ദ്രൻ<br>ശ്രീ. പി.റ്റി.എ.റഹീം<br>ഡോ.കെ.ടി.ജലീൽ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) വിദ്യാഭ്യാസ പാക്കേജിന്റെ ഭാഗമായി പ്രഖ്യാപിച്ച അദ്ധ്യാപക ബാങ്ക് രൂപീകരിക്കപ്പെട്ടിട്ടുണ്ടോ; ഇത് എന്നത്തേക്ക് നിലവിൽ വരുത്തുവാനാണ് തീരുമാനിച്ചിരുന്നത്;<br><br>(ബി) ഇതിനു തടസ്സമായി നില്ക്കുന്ന എന്തെങ്കിലും ഘടകം ഉണ്ടോ; വിശദമാക്കാമോ; | (എ) യും (ബി) യും<br><br>ഉണ്ട്. |
| (സി) വിദ്യാർത്ഥി-അദ്ധ്യാപക അനുപാതം പുനഃക്രമീകരിക്കുമ്പോൾ ഉണ്ടാകുമെന്ന് പ്രതീക്ഷിച്ച അദ്ധ്യാപകരുടെ ഒഴിവുകളെത്രയായിരുന്നു; അദ്ധ്യാപക ബാങ്കിൽ ഇപ്പോൾ എത്രപേരുണ്ട്; | (സി) വിദ്യാർത്ഥി-അദ്ധ്യാപക അനുപാതം പുനഃക്രമീകരിക്കുമ്പോൾ എത്ര അദ്ധ്യാപകരുടെ ഒഴിവുകൾ ഉണ്ടാകുമെന്ന് വിദ്യാർത്ഥികളുടെ കൃത്യമായ കണക്ക് UID പ്രകാരം തിട്ടപ്പെടുത്തികഴിഞ്ഞാൽ മാത്രമെ പറയാൻ കഴിയൂ. സർക്കാർ സ്കൂളുകളിൽ നിലവിലുള്ള പ്രൊട്ടക്റ്റഡ് അദ്ധ്യാപകരെ ബാങ്കിലേക്ക് വിന്യസിക്കാൻ തീരുമാനിച്ചിട്ടുണ്ട്. PSC മുഖാന്തിരം സർക്കാർ സ്കൂളുകളിൽ അദ്ധ്യാപകർ ജോയിൻ ചെയ്യുന്നമുറക്ക് പ്രൊട്ടക്റ്റഡ് അദ്ധ്യാപകർ ബാങ്കിലേക്ക് വരുന്നതാണ്. 1419 retrenched അദ്ധ്യാപകർ ഉണ്ട്. ഇവരെ ട്രെയിനിംഗ് നൽകിയതിന് ശേഷം ബാങ്കിലേക്ക് വിന്യസിക്കുന്നതാണ്. കൂടാതെ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെയും ബാങ്കിലേക്ക് വിന്യസിക്കാൻ തീരുമാനിച്ചിരുന്നു. |

| | |
|---|---|
| (ഡി) പുനഃക്രമീകരിക്കപ്പെട്ട അനുപാതത്തിലുള്ള തസ്തികകളിലേക്കു കൂടി അനുമതി ഇല്ലാതെ മാനേജർമാർക്ക് നിയമനം നടത്താനുള്ള അവസ്ഥയുണ്ടാക്കുന്നതിന്റെ ഭാഗമായിട്ടാണ് അദ്ധ്യാപക ബാങ്ക് നിലവിൽ വരാതിരിക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇപ്രകാരം നിയമിക്കപ്പെടുന്നവർ വീണ്ടും സംരക്ഷിത അദ്ധ്യാപകരായി മാറുമോ? | (ഡി) ബാങ്ക് നിലവിൽ വന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ